## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4540 — 22.07.2015 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന്നിരയായി ധനസഹായം ലഭിച്ചവരുടെ പേരു വിശദമാക്കുമോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) മനുഷ്യരെ ആക്രമിക്കുന്ന ഏതൊക്കെ വന്യജീവികളെ കൊല്ലാനാണ് അനുവാദം നൽകിയിരിക്കുന്നത്; | (ബി) മനുഷ്യജീവനു ഭീഷണിയാകുന്ന പക്ഷം കടുവ, പുലി, ആന, കാട്ടുപോത്ത് തുടങ്ങി ഏതു വന്യജീവിയേയും കൊല്ലുന്നതിന്, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11(1) പ്രകാരം, ചീഫ് വൈൽഡ് ലൈഫ് വാർഡന് അനുവാദം നൽകാവുന്നതാണ്. |
| (സി) കർഷകരെ വന്യമൃഗആക്രമണത്തിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ? | (സി) കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ അനുഭവപ്പെട്ടുവരുന്ന വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം കുറയ്ക്കുന്നതിനായി വനം വകുപ്പ് കാലാകാലങ്ങളിലായി നടപ്പിലാക്കി വരുന്ന വിവിധ പ്രതിരോധ പ്രവർത്തനങ്ങളായ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, കരിങ്കൽഭിത്തി എന്നിവയുടെ നിർമ്മാണം, നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയക്കുവാനായി ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം എന്നിവയ്ക്കു പുറമെ നടപ്പു സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള രണ്ടു പ്രത്യേക പദ്ധതികളും, 2014-16 വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി **മിഷൻ 676** ന്റെ പതാകനൗക പദ്ധതിയായ **കൃഷിരക്ഷാ പദ്ധതിയും** ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അധിക കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 87.5 കിലോമീറ്റർ ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആനപ്രതിരോധ മതിലുകൾ, കല്ലു പാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള 500 ലക്ഷം രൂപയുടെ പദ്ധതി. |

2. നബാർഡ്-ആർ.ഐ.ഡി.എഫ്-ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ 15 കിലോമീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 19.38 കോടി രൂപയുടെ പദ്ധതി.
3. കേരളത്തിലെ 13 ജില്ലകളിൽ 692 കിലോമീറ്റർ വനാതിർത്തികളിൽ വന്യജീവി പ്രതിരോധ സംവിധാനം നിർമ്മിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും, കൂടാതെ 5 ദ്രുത പ്രതികരണ സംഘങ്ങളെ (ആർ.ആർ.റ്റി) നിയോഗിക്കുന്നതിനായുള്ള 259.81 കോടി രൂപയുടെ കൃഷിരക്ഷാപദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ